# File No.LSGD-FM2/217/2019-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ അയിരൂർ പഞ്ചായത്തിലെ കഥകളി ഗ്രാമത്തിൽ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്ത് നടത്തുന്ന കഥകളി മേളക്ക് ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2657/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **25/11/2019**

---

പരാമർശം:- 1. ശ്രീ രാജു എബ്രഹാം എം എൽ എ യുടെ 09/10/2019 ലെ കത്ത്

2. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബ് സെക്രട്ടറിയുടെ 28/10/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കഥകളി ക്ലബ്ബിന്റെ നേതൃത്വത്തിൽ അയിരൂർ പഞ്ചായത്തിലെ കഥകളി ഗ്രാമത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ എല്ലാ വർഷവും ജനുവരി ആദ്യവാരം മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന കഥകളി മേള നടത്താറുണ്ടെന്നും 2020 ജനുവരി 6 മുതൽ 15 വരെ നടക്കുന്ന പതിമൂന്നാമത് കഥകളി മേളയ്ക്ക് ജില്ലയിലെ 5 3 ഗ്രാമ പഞ്ചായത്തുകൾ 4 മുനിസിപ്പാലിറ്റികൾ എന്നിവയുടെ തനത് ഫണ്ടിൽ നിന്നും 20,000/- രൂപ വീതവും ജില്ലയിലെ 8 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 25,000/- രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്നും മൂന്ന് ലക്ഷം രൂപയും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ശ്രീ രാജു എബ്രഹാം എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ നേതൃത്വത്തിൽ അയിരൂർ പഞ്ചായത്തിലെ കഥകളി ഗ്രാമത്തിൽ 2020 ജനുവരി 6 മുതൽ 15 വരെ നടക്കുന്ന കഥകളി മേളക്ക് പത്തനംതിട്ട ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 15,000/- രൂപയിൽ(പതിനയ്യായിരം രൂപ) കവിയാതെയും ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ നിന്നും 20,000/- രൂപയിൽ(ഇരുപതിനായിരം രൂപ) കവിയാതെയും ജില്ലാ പഞ്ചായത്തിൽ നിന്ന് 2,00,000/- രൂപയിൽ (രണ്ടു ലക്ഷം രൂപ) കവിയാതെയും അതാത് സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remola

സെക്ഷൻ ഓഫീസർ